# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4071 — 03.02.2014 ൽ മറുപടിക്ക്

**ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രി നിലവാരത്തിലേയക്ക് ഉയർത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ജനസാന്ദ്രതയേറിയ വൈപ്പിൻ മണ്ഡലത്തിൽ താലൂക്ക് ആശുപത്രികൾ നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. 20.08.2010 ലെ സ.ഉ (എം.എസ്) നം. 557/10/ആ.ക.വ പ്രകാരമാണ് ഞാറക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ആശുപത്രി വൈപ്പിൻ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. |
| (ബി) ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജി.ഐ.ഡി.എ യെ പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) അടിസ്ഥാന സൗകര്യമൊരുക്കിക്കൊണ്ടും, ആവശ്യമായ സ്റ്റാഫിനെ അനുവദിച്ചുകൊണ്ടും ഞാറയ്ക്കൽ സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) അധിക തസ്തികകൾ സൃഷ്ടിക്കണമെന്നതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ